**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1616 01.11.2019 ലെ മറുപടിക്ക്**

**<u>അർബ്ബൻ ഹോൾസെയിൽ അഗ്രികൾച്ചറൽ മാർക്കറ്റ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ..എ. പ്രദീപ്കുമാർ | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| കോഴിക്കോട് വേങ്ങേരി അർബ്ബൻ ഹോൾസെയിൽ അഗ്രികൾച്ചറൽ മാർക്കറ്റ് കേന്ദ്രത്തിൽ കേരള കാർഷിക സർവ്വകലാശാലക്ക് കാർഷിക സേവന കേന്ദ്രം തുടങ്ങുന്നതിന് സ്ഥലം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ കാർഷിക സർവ്വകലാശാലയുടെ മാർക്കറ്റ് റിസർച്ച് & ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ അനുവദിക്കുന്നതിലേയ്ക്കായി സർവ്വകലാശാല പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം എം.എൽ.എ യുടെയും കൃഷി ഡയറക്ടറുടെയും നേതൃത്വത്തിലുള്ള ടീം വേങ്ങേരി മാർക്കറ്റ് 06.06.2019 ന് സന്ദർശിച്ചിരുന്നു.<br>സർവ്വകലാശാലയുടെ പ്രൊപ്പോസൽ പ്രകാരമുള്ള അഗ്രിമാൾ & ഇൻഫർമേഷൻ സെന്റർ തുടങ്ങുന്നതിലേയ്ക്കായി സ്റ്റാളുകൾ അനുവദിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. പച്ചക്കറികളുടെ സംരക്ഷിത കൃഷിക്കും നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും സ്ഥലം അനുവദിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.<br>ആധുനിക സാങ്കേതിക വിദ്യയുടെ പ്രദർശനത്തോട്ടം എന്ന ഘടകത്തിന് നിലവിൽ സ്ഥലം നൽകുന്ന കാര്യവും പരിഗണനയിലാണ്. |

**ഡെപ്യൂട്ടി സെക്രട്ടറി**